

# ബൈബിൾ ട്രൂത്ത്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. C. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്


Editors

P. K. VARGHESE *** J. C. CHOATE

***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 7 September 1993 No. 6


ഞാൻ അടുത്ത സമയത്തു ഒരു വീട്ടിലുള്ള എല്ലാവരോടും പുതിയ നിയമത്തിൽ രേഖപ്പെടുത്തിയ സത്യമായ ഉപദേശവും ലോകത്തിന്റെ നിലപാടും തമ്മിലുള്ള അന്തരം വ്യക്തമാക്കിയപ്പോൾ അവർ പറഞ്ഞതു: സാറെ "എല്ലാവരും ഇതു തന്നെയാണ് പറയുന്നത്". ഇതിൽ നിന്നും അവരുടെ ഉള്ളിൽ എന്താണ് കുടിയിരിക്കുന്നതു എന്നു വ്യക്തമായി. ഒന്ന്, അവർക്ക് സത്യം മനസിലാക്കണമെന്ന ആഗ്രഹം ഇല്ല. വചനം പരിശോധിക്കാൻ തയ്യാറാകാതെ മനുഷ്യരുടെ അല്ലെങ്കിൽ നാമധേയ വിഭാഗങ്ങളുടെ ലക്ഷ്യം അവരുടെ കൂട്ടത്തിലേക്കു ആളുകളെ സംഘടിപ്പിക്കുക എന്നതാണ് എല്ലാവരുടെയും താൽപര്യം അതാണെന്ന് അവർ ധരിക്കുന്നു. രണ്ടാമത്, നാമധേയവിഭാഗങ്ങളുടെ ചില കാപട്യത്തെ അവർ ന്യായീകരിക്കയും ചെയ്യുന്നു. തെററിനെ ന്യായീകരിക്കുന്നവൻ സത്യത്തെ അവഗണിക്കും എന്നതു എത്ര പരമാർത്ഥം. നിങ്ങൾ ഒരിക്കലും മനുഷ്യരുടെ ഇത്തരം അപകടമായ ചിന്തകളിൽ ഒതുങ്ങി കഴിയരുതു. തിരുവെഴുത്തുകൾ പരിശോധിച്ച് അതിൽ പറയുന്ന ജീവിതമാർഗ്ഗം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുക. അതായിരിക്കട്ടെ നിങ്ങളുടെ ധാർമ്മിക കടപ്പാട്.

എഡിററർ



# യേശുക്രിസ്തു വീണ്ടും വരുന്നതു എപ്പോൾ?

**J. C. ചോട്ട്**

യേശുവിൻെറ വീണ്ടും വരവ് എപ്പോഴായിരിക്കും എന്നതിനെ കുറിച്ച് എല്ലായ്പ്പോഴും ഓരോ തീയതി തിട്ടപ്പെടുത്തി പറഞ്ഞുകോംക്കാറുണ്ട്. അവൻെറ വരവ് മുൻകൂട്ടി പലപ്പോഴും അവർ പറഞ്ഞിട്ടുള്ളതു അതുപോലെ തന്നെ സംഭവിക്കാതെയും പോയിട്ടുണ്ട്. അവരുടെ കണക്കുകൂട്ടലുകൾ എല്ലായ്പ്പോഴും തെററായി പോകാറുള്ളതു വാസ്തവം തന്നെ. കർത്താവ് ആ അറിവ് ഒരു മനുഷ്യനും നൽകിയിട്ടില്ല എന്ന കാര്യം അവർ ഒരിക്കലും പഠിച്ചിട്ടില്ലേ ?

തൻെറ വരവിൻെറ പ്രത്യേകമായ സമയം എല്ലാവരും അറിഞ്ഞിരിക്കണമെന്ന് അവൻ ആഗ്രഹിച്ചിരുന്നെങ്കിൽ അവൻ തീർച്ചയായും അതു വെളിപ്പെടുത്തുമായിരുന്നു. ശ്രമകരമായി കണ്ടുപിടിക്കേണ്ട വിധം അതു അടയാളങ്ങളിലൂടെയും ആലങ്കാരിക ഭാഷയിലൂടെയും തീർച്ചയായും വെളിപ്പെടുത്തുമായിരുന്നില്ല. അങ്ങനെ തരാതിരിക്കുന്നതിനു പ്രത്യേക കാരണം ഉണ്ടായിരിക്കും. കർത്താവിനെ എതിരേൽപാൻ അവസാന നിമിഷം വരെ കാത്തിരിക്കാതെ എപ്പോഴും ഒരുങ്ങി വിശ്വസ്ഥതയോടെ ഇരിക്കേണ്ട ആവശ്യകത ഇവിടെ വ്യക്തമാക്കുകയാണ്.

കർത്താവ് വേഗം വരുമെന്നാണ് അനേകർ പറയുന്നതു അവർ ഇങ്ങനെ പറയുന്നതിൻെറ അർത്ഥം, നമ്മുടെ ജീവിതകാലയളവിൽ തന്നെ കർത്താവ് വരും എന്നാണ്. പക്ഷെ അതു ശരിയായിരിക്കാം; അല്ലായിരിക്കാം. അപ്പൊസ്തലൻമാരും ആദിമ ക്രിസ്ത്യാനികളും ഉടനെ കർത്താവു വരുമെന്ന് ഊഹിച്ചിരിക്കാം. അവരുടെ കാലയളവിൽ തന്നെ അതു

സംഭവിക്കാമെന്ന് കരുതിയിരിക്കാം. യേശുക്രിസ്തു പിതാവിൻെറ, അടുക്കലേക്കു മടങ്ങിപോയതു മുതൽ ആളുകൾ അവൻെറ വരവ് വേഗത്തിൽ ആയിരിക്കും എന്ന പ്രതീക്ഷ തുടരുകയാണു. എങ്കിലും അവൻ ഇപ്പോഴും വന്നിട്ടില്ല എന്നതു പരമാർത്ഥമാണ്. അതുകൊണ്ട് അവൻ വരുകയില്ല എന്നു ഉറപ്പിക്കാമോ ? ഒരിക്കലും പാടില്ല. അതിൻെറ അർത്ഥമോ, നാം നിശ്ചയിക്കുന്ന പരിപാടിയനുസരിച്ചല്ല; മറിച്ച് അവൻെറ നിശ്ചിത പരിപാടിയനുസരിച്ചേ കർത്താവു വരികയുള്ളൂ എന്നതാണ് ശരി.

താൻ വീണ്ടും വരുമെന്ന് പറഞ്ഞിട്ട് ഏതായാലും രണ്ടായിരം വർഷത്തോളം ആയ സ്ഥിതിക്കു കർത്താവ് വേഗം വരുമെന്ന് പറയുന്നതു തെററാണെന്ന് കരുതുന്നവരുണ്ട്, അവൻ എപ്പോഠം വരുമെന്നോ, ഇന്നു വരുമെന്നോ, നാളെ വരുമെന്നോ, അതുമല്ലെങ്കിൽ ഒരു കോടി വർഷം കഴിഞ്ഞു മാത്രമെ വരു എന്നോ കരുതാതെ നിത്യതയുമായി താരതമ്യം ചെയ്യുമ്പോഠം ക്രിസ്തു വീണ്ടും വരുന്നതു വേഗത്തിൽ തന്നെയാണ്. ആകയാൽ ക്രിസ്തു വേഗം വരും എന്നു പറയുന്നതു ന്യായോചിതമാണ്.

ക്രിസ്തുവിൻെറ വീണ്ടും വരവിനെ സംബന്ധിച്ച് ധാരാളം വസ്തുതകഠം നമുക്ക് അറിഞ്ഞുകൂടാ. ദൈവവചനത്തെ ബഹുമാനിക്കുന്ന വ്യക്തി അതിൽ സംപ്രീതനാകണം.

1. അവൻ വീണ്ടും വരുമെന്ന് യേശു പ്രസ്താവിച്ചു. അവൻ പറയുന്നതു കേഠക്കുക; "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങഠം ഉണ്ട്, ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങഠംക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങഠംക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെ വന്നു നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും." (യോഹ. 14:1-3). ഇതു തീർച്ചയുള്ളതും ഉറപ്പുള്ളതുമാണ്.

2. തന്റെ മടങ്ങി വരുന്ന സമയം സ്വർഗ്ഗസ്ഥനായ പിതാവല്ലാതെ ആരും അറിയുന്നില്ല എന്നു നമ്മോടു പറഞ്ഞിട്ടുണ്ട് "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതൻമാരും പുത്രനും കൂടെ അറിയുന്നില്ല (മത്തായി 24:36). പിതാവിനു മാത്രം അറിവുള്ള ഒരു സംഗതി എങ്ങനെ ഒരു മനുഷ്യന് അറിവ് കിട്ടും"? മനുഷ്യരുടെ കണക്കു കൂട്ടലുകൾ പിന്നെ എങ്ങനെ ശരിയാകും? ഏതാനും ആളുകൾ ആ വഴിക്കു ചിന്തിക്കുന്നില്ല. അതിനാൽ ഇത്തരം കള്ളപ്രവചനങ്ങൾ വിശ്വസിച്ച് അബദ്ധം പിണയും.

3. കള്ളൻ രാത്രിയിൽ വരുന്നതുപോലെ അവൻ വീണ്ടും വരുമെന്നാണ് മുന്നറിയിച്ചിരിക്കുന്നതു. "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. പത്രോസ് തന്റെ ലേഖനത്തിൽ പ്രഖ്യാപിച്ചിരിക്കുന്നതാണ് ഇതു (2 പത്രോസ് 3:10). അവൻ ഒരു കള്ളനല്ല; മുന്നറിയിപ്പില്ലാത്ത സമയത്തായിരിക്കും അവന്റെ വരവെന്നാണ് അതിന്റെ സൂചന.

4. കർത്താവിന്റെ തിരിച്ചു വരവിൽ ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും. ഭൂമിയും അതിലുള്ള പണികളൊക്കെയും വെന്തുപോകും. അവൻ വീണ്ടും വന്ന് ഈ ഭൂമിയിൽ ഹർഷോൻമാരുമായി ആയിരമാണ്ടു വാഴും എന്ന സിദ്ധാന്തത്തിനു യാതൊരു അടിസ്ഥാനവുമില്ല. ഭൂമിയും മററു മൂലപദാർത്ഥങ്ങളൊക്കെ ഇല്ലാതാകുമ്പോൾ പിന്നെ ഇതെങ്ങനെ സംഭവിക്കും? അപ്പോൾ അതു ബൈബിളിന് അന്യമായ ഉപദേശമാണ്.

5. യേശു വീണ്ടും വരുമ്പോൾ നൻമ ചെയ്തവരും തിന്മ ചെയ്തവരും ഉയിർത്തെഴുന്നേൽക്കപ്പെടും. "ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും

അവൻെറ ശബ്ദം കേട്ടു നൻമ ചെയ്തവൻ ജീവനായും തിൻമ ചെയ്തവൻ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു'' (യോഹന്നാൻ 5:28-29).

6. കർത്താവിൻെറ വരവിൽ ജീവനോടെ ശേഷിക്കുന്ന നീതിമാൻമാർ മേഘത്തിൽ അവനെ എതിരേൽപാൻ എടുക്കപ്പെടും. ''കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതൻെറ ശബ്ദത്തോടും ദൈവത്തിൻെറ കാഹളനാദത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 തെസ്സലോനിക്യർ 4:16, 17).

7. കർത്താവ് തൻെറ ദൂതൻമാരെ അയച്ച് രാജ്യത്തിന് അഥവാ സഭയ്ക്കു ഇടർച്ചയായി എതിരായി നിന്ന എല്ലാവരേയും നരകത്തിലേക്കു തള്ളിക്കളയും. യേശുക്രിസ്തു തന്നെ ആ ദിവസത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. മനുഷ്യപുത്രൻ തൻെറ ദൂതൻമാരെ അയക്കും; അവർ, അവൻെറ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളകയും അവിടെ കരച്ചിലും പല്ലു കടിയും ഉണ്ടാകും (മത്തായി 13:41, 42).

8. വലുതും അവസാനത്തേതുമായ ന്യായവിധി നടക്കും ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിശ്ചയിച്ചിരിക്കുന്നു (എബ്രായർ 9:27). അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിൻെറ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരിന്ത്യർ 5:10).

9 ന്യായവിധി സമയം, നീതിമാൻമാർ കർത്താവി നോടു കൂടെ എന്നേക്കും വസിക്കേണ്ടതിനു ചേർക്കപ്പെടും; എന്നാൽ ദുഷ്ടൻമാരോ നിത്യ ശിക്ഷാവിധിയിലേക്കു അയക്കപ്പെടും (മത്തായി 25:46).

ഉവ്വ്, കർത്താവ് വീണ്ടും വരും, വേഗത്തിൽ വരും. ആ സമയത്തു അനേക കാര്യങ്ങൾ നടക്കും. അതു അനേകർ പഠിപ്പിക്കുന്നതിനു വിപരീതമായിട്ടായിരിക്കും. കർത്താവിന്റെ വീണ്ടും വരവിനെ സംബന്ധിച്ച് നിങ്ങൾ വഞ്ചിക്കപ്പെടരുതു. ആ നാഴികയിൽ നടക്കുന്ന കാര്യങ്ങളെ കുറിച്ചും ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ നോക്കികൊൾവിൻ. ഒരിക്കൽ അവൻ വന്നു കഴിഞ്ഞാൽ പിന്നെ അവനായി ഒരുങ്ങുവാൻ പ്രയാസമായിരിക്കും. ഇപ്പോഴത്തെ ഏറ്റവും വലിയ ചോദ്യമിതാണ്-കർത്താവിനെ എതിരേൽപാൻ ഈ നിമിഷം നിങ്ങൾ തയ്യാറായിട്ടുണ്ടോ ? ഇല്ലെങ്കിൽ ദയവായി അവസരവും സമയവും ഉള്ളപ്പോൾ തന്നെ അവന്റെ ഉപദേശങ്ങൾ പ്രമാണിച്ച് ഒരുങ്ങുക. യേശുക്രിസ്തു വരും എന്നതു തീർച്ചയാണ്. എപ്പോഴാണ് അവൻ വരുന്നതെന്ന് നമുക്ക് ആർക്കും അറിഞ്ഞുകൂടാ. അതുകൊണ്ടാണ് നാം എപ്പോഴും ഒരുങ്ങിയിരിക്കണം എന്നു പറയുന്നതു. യാദൃശ്ചികമായി അവൻ വന്നാൽ നിങ്ങൾ ലജ്ജിക്കപ്പെടരുതു.

അവന്റെ വരവിൽ നിങ്ങൾക്കു വിശ്വാസമുണ്ടാകുമോ എന്ന് പരിശോധന കഴിക്കുക. സ്വർഗ്ഗത്തിൽ എന്നേക്കും അവനുമായി വസിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★

സ്ത്രീകൾക്കുവേണ്ടി:

# പ്രാർത്ഥിക്കാൻ കുട്ടികളെ പരിശീലിപ്പിക്കൽ

ബെററി B. C

നമ്മുടെ ഹൃദയങ്ങളിൽ നിന്നു ദൈവത്തോടു സംസാരിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥിക്കുവാനുള്ള അവകാശം സ്ത്രീകൾക്കുണ്ട് എന്നു നാം പഠിച്ചു കഴിഞ്ഞതാണല്ലോ. പുരുഷന്മാരുടേതുപോലെ നമ്മുടേയും പ്രാർത്ഥനക്കു ദൈവം മറുപടിയും തരും; ഭർത്താക്കന്മാരേക്കാൾ കൂടുതൽ സമയം സ്ത്രീകളായ നാം വീട്ടിൽ ചെലവഴിക്കുന്നതുകൊണ്ട് വീട്ടിലുള്ള മററംഗങ്ങളോടു പ്രത്യേകമായ ഉത്തരവാദിത്വം ഉണ്ടല്ലോ. അതിൽ ആത്മീയ പ്രബോധനവും പരിശീലനവും ഒക്കെ അടങ്ങുന്നുണ്ട്. അതു നാം അവഗണിച്ചുകൂടാ.

രാജാക്കന്മാരേയും പ്രധാനമന്ത്രിമാരെയും പ്രസിഡണ്ടുമാരെയും സമീപിക്കുന്നതിനു ചില ചട്ടങ്ങൾ ഉള്ളതുപോലെ ദൈവത്തോടു സമീപിക്കുന്നതിനും നിയമാവലികൾ ഉണ്ട് എന്ന കാര്യം നാം ഓർമ്മിക്കണം. അതു ബൈബിൾ സംബന്ധമായ നിയമങ്ങൾ അത്രേ. ഭൗമികമായ ആവശ്യങ്ങൾ അപേക്ഷാരൂപം നൽകുവാൻ ചില രീതികൾ ഉള്ളതുപോലെ ഉയരത്തിലുള്ള ദൈവത്തോടു അപേക്ഷിക്കുന്നതിനും ചില രീതികൾ ഉണ്ട്.

കുട്ടികൾ സ്പഞ്ചുപോലെ ആണ്. അവരെ പഠിപ്പിക്കുന്നതെന്തും ആഗിരണം ചെയ്യുവാൻ തക്ക കഴിവുള്ളവരാണ് അവർ. ദൈവത്തെകുറിച്ചും ദൈവവചനത്തെകുറിച്ചും പഠിപ്പിക്കുന്ന മാതാപിതാക്കൾ അതുകൊണ്ട് വളരെ ശ്രദ്ധി

ച്ച് തെററു കൂടാതെ വേണം അതു ചെയ്യുവാൻ അല്ലെങ്കിൽ അതു നിങ്ങളുടെ നേർക്കു വിരൽ ചൂണ്ടിക്കൊണ്ടിരിക്കും. പ്രാർത്ഥനയെ സംബന്ധിച്ച് ശരിയായ രീതിയിൽ പഠിപ്പിക്കേണ്ടതിൻെറ പ്രാധാന്യവും വളരെയാണ്.

ചിലപ്പോഠം മാതാപിതാക്കഠംക്ക് പ്രാർത്ഥനയെ പററി അവ്യക്തമായ അറിവേ കാണുകയുള്ളു. എങ്ങനെ പ്രാർത്ഥിക്കണം,' എന്തു പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥനക്കു ഉത്തരം ലഭിക്കാൻ കാത്തിരിക്കണം എന്നീ സംഗതികഠം മനസ്സിലാക്കാത്തവരുണ്ട്. കുട്ടികളുടെ ആവശ്യങ്ങഠം നിറവേററുവാൻ ദൈവത്തോടു പ്രാർത്ഥിക്കുവാൻ അവർ നിർദ്ദേശിക്കും. പക്ഷെ അതു കിട്ടാതെ വന്നാൽ ദൈവത്തെ പഴിക്കയും അവരുടെ വിശ്വാസം ബലഹീനമാകയും ചെയ്യും. അതുകൊണ്ട് മാതാപിതാക്കഠം തങ്ങളുടെ കുട്ടികളെ പ്രാർത്ഥിപ്പാൻ പരിശീലിപ്പിക്കുമ്പോഠം വിവരിച്ചുകൊടുക്കുന്ന കാര്യങ്ങഠം ആലോചനാപൂർണ്ണം ആയിരിക്കണം. പ്രാർത്ഥനക്കു ഉത്തരം കിട്ടുന്ന രീതി എന്തെന്നും വാഗ്ദാനം ലഭിക്കാതിരിക്കുന്നതെങ്ങനെ എന്നും വേർതിരിച്ച് അവരെ ഗ്രഹിപ്പിക്കണം. അല്ലെങ്കിൽ അവർ നിരാശരായി തീരാം.

നാം ദൈവത്തോടു സമീപിക്കുന്ന കരുതലാണ് ഇതിനു ആദ്യമായി വേണ്ടതു. ഒരു കുട്ടിക്കു തൻെറ പിതാവിനോടുള്ള ബന്ധമാണ് ക്രിസ്ത്യാനികഠംക്കു ദൈവത്തോടുള്ളതു. ഭൗതികലോകത്തിൽ, കുട്ടികഠം അവരുടെ ആവശ്യങ്ങഠം അപരിചിതരോടു ചോദിക്കുവാൻ യാതൊരു അവകാശവും ഇല്ലാത്തവരാണ്. തങ്ങളുടേതല്ലാത്ത കുട്ടികഠംക്ക് എന്തെങ്കിലും നൽകുവാനുള്ള കടപ്പാട് മുതിർന്നവർക്കു ഇല്ല. ചിലപ്പോഠം കാരുണ്യത്താൽ ചിലർ ചിലതു കൊടുക്കുമെങ്കിലും അങ്ങനെ കൊടുക്കണമെന്ന് നിർബ്ബന്ധമില്ല. ദൈവം ദുഷ്ടൻമാരുടെ മേലും നല്ലവരുടെ മേലും തൻെറ സൂര്യനെ ഉദിപ്പിക്കയും നീതിമാൻമാരുടെ മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലൊ (മത്തായി 5:45).

സ്വർഗ്ഗീയ പിതാവെന്നപോലെ ദൈവത്തോടു പ്രായപൂർത്തിയെത്തിയവർ സമീപിക്കുവാൻ അവർ ദൈവമക്കളായി തീരണം. ഇതു അവൻെറ പുത്രനായ യേശുവിലുള്ള വിശ്വാസം മൂലവും അവൻെറ സുവിശേഷം അനുസരിക്കുന്നതുമൂലവും സാദ്ധ്യമാകുന്നു. "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിൻെറ മക്കളാകുന്നു (ഗലാത്യർ 3:26). പാപജീവിതത്തിൽ നിന്ന് അകന്നു തിരിഞ്ഞുവരുന്നു. അറിയായ്മയുടെ കാലം ഗണ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരോടും മാനസാന്തരപ്പെടുവാൻ ദൈവം കൽപിച്ചിരിക്കുന്നു (പ്രവൃത്തി 17:30). ദൈവപുത്രനാണെന്ന് അവനിൽ ഉള്ള വിശ്വാസത്തെ നാം ഏററു പറയണം (മത്തായി 10:32). പിന്നീട് അവനോടുകൂടെ ബന്ധപ്പെടുവാൻ വെള്ളത്തിൽ അടക്കമാകുന്ന സ്നാനം പാപമോചനത്തിനായി സ്വീകരിക്കണം. "അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവൻെറ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവൻെറ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിൻെറ മഹിമയാൽ ജീവിച്ചെഴുന്നേററതു പോലെ നാമും ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ (റോമർ 6:3-4).

വിശ്വസിക്കുവാനും പാപത്തിൽ നിന്നും അകന്നുജീവിക്കുന്നതിനും ക്രിസ്തുവിനെ അനുസരിക്കുന്നതിനും തക്കതായ പ്രായമുള്ളവർക്കേ പററു എന്നതു വ്യക്തമായ കാര്യമാണ്. ഈ കൽപനകൾ ഓരോരുത്തരും തിരഞ്ഞെടുത്തു അനുസരിക്കേണ്ടതാണല്ലൊ. ഈ നടപടികളിലൂടെ ശിശുക്കൾക്കോ കുട്ടികൾക്കോ ദൈവസന്നിധിയിലേക്കു കടക്കാവുന്നതല്ല എന്നു സ്പഷ്ടം. അപ്പോൾ പിന്നെ അവർക്കു ദൈവത്തോടു അടുക്കുവാൻ എന്തു ഏർപ്പാട് ആണ് ഉള്ളത്? എങ്ങനെ അവർക്കു ദൈവസന്നിധിയിലെത്താം?

അവർക്കു പ്രാർത്ഥിക്കാമോ രക്ഷകർത്താക്കൾ അവരെ എന്താണ് പഠിപ്പിക്കേണ്ടത്?

യേശു പറഞ്ഞു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. തന്റെ പിൻഗാമികളുടെ സ്വഭാവം എപ്രകാരം ആയിരിക്കണമെന്നും അവരുടെ ഗുണഗണങ്ങൾ എന്തായിരിക്കണമെന്നും പഠിപ്പിക്കേണ്ടതിന്ന് ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തിയിട്ട് അവൻ അവരോട്: നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആകുന്നു. അങ്ങനെ തന്നേ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു ഇഷ്ടമല്ല (മത്തായി 18:3, 4, 14).

ശിശുക്കൾ ദൈവകരങ്ങളിൽ സുരക്ഷിതരാണ് എന്ന് ഈ വേദഭാഗങ്ങളിൽ തീർച്ചയായും നാം കാണുന്നു. തെററും ശരിയും, നൻമയും തിൻമയും തിരിച്ചറിയാവുന്ന പ്രായം വരെ അവർ ദൈവത്താൽ അംഗീകരിക്കപ്പെടുന്ന അവന്റെ മക്കൾ തന്നെ. അതുകൊണ്ട് കുട്ടികൾ പ്രാർത്ഥിക്കുമ്പോൾ ദൈവം തന്റെ ചെവി തുറന്നിരിക്കും. ആരംഭദിശയിൽ തന്നെ കുട്ടികളെ അവരുടെ മാതാപിതാക്കൾ സ്വർഗ്ഗസ്ഥനായ അവരുടെ പിതാവിനോട് പ്രാർത്ഥിക്കുവാൻ പരിശീലിപ്പിക്കണം.

ബാല്യത്തിൽ അവരെ പ്രാർത്ഥിക്കാൻ എന്തു പഠിപ്പിക്കണം? എങ്ങനെ വേണം അതു നടത്തുവാൻ? പ്രാർത്ഥനെക്കു ദൈവം എങ്ങനെ മറുപടി നൽകുമെന്ന് അവർക്കു കാണാൻ കഴിയണം. പ്രാർത്ഥനയെ സംബന്ധിച്ച് തെററായ ആശയങ്ങൾ അവരിൽ ഉദിക്കാതിരിക്കേണ്ടതിന്നു മാതാപിതാ

ക്കരം അവരെ കാത്തുകൊള്ളണം. ദൈവം എന്തു ചെയ്യുമെന്നാണ് അവർ പ്രതീക്ഷിക്കേണ്ടത്?

രാവുലിന്റെ അമ്മ അവനോടു നിരന്തരമായി പറയുന്നതു: "നീ എന്നെ അനുസരിച്ചില്ലെങ്കിൽ ദൈവം നിന്നെ ശിക്ഷിക്കും" എന്നാണ്. അവളുടെ കൊച്ചുമകനെ ഈ വാക്കുകളിലൂടെ അവരം എന്താണ് പഠിപ്പിക്കുവാൻ ആഗ്രഹിച്ചതു? ദൈവസ്നേഹത്തിനുപകരം, ദൈവകോപവും ഭയവുമാണ് അവരം അവനിൽ വളർത്തിയെടുക്കുന്നതു. അതിനാൽ ആ കുട്ടിയുടെ പ്രാർത്ഥനയിൽ സുരക്ഷിതത്വമില്ലായ്മയും ഭയവും അവനുണ്ടാകും.

സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ ആത്മീയ പിതാവാണെന്ന് മാതാപിതാക്കരം കുട്ടികളെ പഠിപ്പിക്കണം. യേശു ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: "മകൻ അപ്പം ചോദിച്ചാൽ അവനു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങരം നിങ്ങളുടെ മക്കരംക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നൻമ എത്രയധികം കൊടുക്കും!" (മത്തായി 7:9-11). ആകയാൽ നമ്മുടെ കുഞ്ഞുങ്ങളിൽ ദൈവസ്നേഹത്തിൽ ആഴമേറിയ വിശ്വാസം വളർത്തിയെടുക്കണം. ദൈവം അവരുടെ നൻമക്കായി മാത്രം എപ്പോഴും കരുതുന്നു എന്നും നാം അവരെ ബോധ്യപ്പെടുത്തണം.

മുൻവീക്ഷണമോ, ദീർഘവീക്ഷണമോ ഇല്ലാതെ കുട്ടികളെ ഭീഷണിപ്പെടുത്തി അച്ചടക്കം നടത്താൻ ശ്രമിക്കുന്ന രാവുലിന്റെ അമ്മയെപോലെ ആകരുതു നാം. മാതാപിതാക്കരംക്കു ദൈവം ചില ഉത്തരവാദിത്വങ്ങരം അവരെ അച്ചടക്കത്തിൽ വളർത്തേണ്ടതിനു നൽകിയിട്ടുണ്ട്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; വൃദ്ധനായാലും അവൻ അതു വിട്ടുമാറുകയില്ല (സദൃശ്യവാക്യം 22:16).

ബാലനു ശിക്ഷ കൊടുക്കാതിരിക്കരുതു, വടികൊണ്ടു അടി ച്ചാൽ അവൻ ചത്തുപോകയില്ല (സദൃശ്യവാക്യം 23:13). എബ്രായർ 12-ാം അദ്ധ്യായം 11-ാം വാക്യത്തിൽ വിവരിക്കു ന്നതു: ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല; ദുഃഖ കരമത്രേ എന്നു തോന്നും; പിന്നെത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും എന്നത്രേ. മക്കളേ, നിങ്ങളുടെ അമ്മയപ്പൻമാരെ കർത്താ വിൽ അനുസരിപ്പിൻ, അതു ന്യായമല്ലൊ. പിതാക്കന്മാരേ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിൻെറ ബാല ശിക്ഷയിലും പത്ഥ്യോപദേശത്തിലും പോററി വളർത്തു വിൻ.

സ്നേഹിക്കുന്ന ഒരു ബന്ധത്തിൽ നിന്നും, കരുതലു ള്ള പരിശീലിപ്പിക്കലും അച്ചടക്കവും ശരിയായ രീതിയിൽ വേണംനടത്തുവാൻ. അങ്ങനെയായാൽ ആത്മീയഭവനത്തിൽ അവരുടെ ബന്ധം, ദൈവം അവരുടെ പിതാവായും യേശു ക്രിസ്തു അവരുടെ സഹോദരനായും തീരുന്നു. സ്നേഹ മുള്ള സ്വർഗ്ഗീയ പിതാവിനോട് പ്രാർത്ഥിക്കുക എന്നതു ദൈവഭക്തിയും സ്നേഹവുമുള്ള ഭൗതികകുടുംബത്തിൻെറ സ്വാഭാവികമായ ഒരു പ്രവൃത്തിയാണ്. കുടുംബം ഉണ്ടാ ക്കിയതിൻെറ പ്രാഥമിക ഉദ്ദേശങ്ങളിൽ ഒന്ന് ക്രിസ്ത്യാനി കളായ നാം ഭാഗമായിരിക്കുന്ന ആത്മീയ ഭവനം എന്താണ് എന്ന് ഉത്തമമായ അറിവു പകരുകയാണ്.

എന്നാൽ പ്രാർത്ഥനയെ സംബന്ധിച്ച് വേറെയും തെററിദ്ധാരണകരം ഉണ്ട്. അനിൽ എന്ന കുട്ടി ഉത്തരവാദി ത്വങ്ങരം ഇഷ്ടപ്പെടാറില്ല. അന്നന്നു സ്ക്കൂളിൽ വെച്ച് പഠിപ്പിച്ച പാഠങ്ങരം പഠിക്കാതെ പരീക്ഷയടുക്കുമ്പോരം വെപ്രാളത്തോടെ പ്രാർത്ഥിക്കുകയായി. പക്ഷെ ഖേദകര മെന്നു പറയട്ടെ അവൻെറ പരീക്ഷകളിൽ മാർക്കു കുറഞ്ഞു പോകുന്നു. അപ്പോരം ദൈവം എന്താണ് എൻെറ പ്രാർ ത്ഥന കേരംക്കാത്തതെന്നു അവൻ ചോദിക്കുന്നു.

നമുക്കു ചെയ്യാൻ കഴിയുന്ന കാര്യങ്ങരം നാം ചെയ്യണ മെന്നും അവ ചെയ്യാതിരുന്നാൽ ദൈവം നൽകുമെന്ന് വാ

ഗ്ദാനം ചെയ്തിട്ടില്ലെന്നും അനിൽ മനസ്സിലാക്കണമായിരുന്നു. വിദ്യാർത്ഥികളുടെ ഉത്തരവാദിത്വമാണ് പഠനം. പരീക്ഷ ജയിക്കുവാനും ജീവിതത്തിൽ ആവശ്യമായ അറിവ് നേടുവാനും പഠനം ആവശ്യമാണ്. അലസത ഒരിക്കലും ദൈവം ആരിലും പ്രോൽസാഹിപ്പിക്കയില്ല.

അതുകൊണ്ട് പ്രാർത്ഥന അനിലിന് എങ്ങനെ പ്രയോജനപ്പെടും ? അവൻെറ പഠനത്തിൽ ഉൽസാഹം കിട്ടേണ്ടതിന് ദൈവസഹായത്തിനായി അവന് അപേക്ഷിക്കാം. അവൻ പഠിച്ച കാര്യങ്ങൾ ഗ്രഹിക്കേണ്ടതിനും ഓർമ്മയിൽ നിൽക്കേണ്ടതിനും അവൻ പ്രാർത്ഥിക്കണം. അവൻ വളരും തോറും അവനും, അവൻെറ പങ്കാളിയായ ദൈവവും തമ്മിലുള്ള പ്രവർത്തനം ഒത്തൊരുമിച്ച് നീങ്ങണം. തൻെറ പഠിത്തത്തിൽ അനിൽ നല്ല ശ്രദ്ധ ചെലുത്തി സ്ഥിരോൽസാഹത്തോടെ തയ്യാറായി ആത്മാർത്ഥതയോടെ പരീക്ഷ കൈകാര്യം ചെയ്താൽ ദൈവം അവനോടുകൂടെ നിന്നു പ്രവർത്തിക്കും. പഠിച്ചതു സൂക്ഷിക്കുവാൻ അവനെ ദൈവം സഹായിക്കും. അവസരോചിതമായ വളർച്ചക്കു അത്യന്താപേക്ഷിതമായ വെല്ലുവിളികളെ നേരിടുവാൻ അവൻെറ വിദ്യാഭ്യാസം അവനെ ഉപകരിക്കും.

പ്രാർത്ഥനയെ സംബന്ധിച്ച് തുല്യമായ ചില കാര്യങ്ങൾ ഉള്ളതു നാം കുട്ടികളെ പഠിപ്പിക്കണം. പ്രാർത്ഥന നല്ലതും ശക്തവുമാണെന്ന് മാതാപിതാക്കൾ കുട്ടികളെ ഗ്രഹിപ്പിക്കണം. പക്ഷെ ദൈവേഷ്ടപ്രകാരമായിരിക്കണം പ്രാർത്ഥന എന്നു മാത്രം. അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥനക്കു ദൈവം മറുപടി നൽകും എന്നു വാഗ്ദാനം ചെയ്തിട്ടില്ല. തെററായ ആശയങ്ങൾ കുട്ടികളിൽ വളർന്നുവന്നാൽ അവർക്കു തങ്ങളുടെ പ്രാർത്ഥനക്കു ഉത്തരം കിട്ടാതെ വന്നാൽ അവർ നിരാശരായി തീരും. അതു അപകടകരവും ദുഃഖകരവുമായ അന്ത്യത്തിലേക്കു അവരെ നയിക്കും.

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

## സാജു ജോർജ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

എന്നു മാത്രമല്ല അധർമ്മപ്രവൃത്തിക്കാരെന്നും, അവരുമായി തനിക്ക് യാതൊരു ബന്ധവുമില്ല എന്നും ക്രിസ്തു വ്യക്തമാക്കുന്നു.

ദൈവത്തിന്റെ എബ്രായ നാമമായ 'യഹോവ' എന്ന പേരിനോടും താൽപര്യം പ്രാപിച്ചുകൊണ്ടു (യേശുക്രിസ്തുവിന്റെ നാമത്തെ തള്ളിക്കളഞ്ഞുകൊണ്ടു) യഹോവ സാക്ഷികൾ ആധുനിക യഹൂദന്മാരെപ്പോലെയാണ് തങ്ങളെന്ന് അറിയാതെ തന്നെ വെളിപ്പെടുത്തുകയാണ്. യേശുക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞു. **"You will be My witnesses"** ("നിങ്ങൾ...... എന്റെ സാക്ഷികൾ ആകും....." അപ്പോസ്തലപ്രവൃത്തികൾ 1:8). കൂടാതെ "ശിഷ്യൻമാർ ക്രിസ്ത്യാനികൾ എന്ന പേരിൽ വിളിക്കപ്പെട്ടു"-(പ്രവൃത്തികൾ 11:26). എന്ന് ചരിത്രവും സാക്ഷീകരിക്കുന്നു.

### യെഹെസ്കേൽ 18:4

"സകല ദേഹികളും എനിക്കുള്ളവർ; അപ്പന്റെ പ്രാണനും മകന്റെ പ്രാണനും ഒരുപോലെ എനിക്കുള്ളതു; പാപം ചെയ്യുന്ന ദേഹി മരിക്കും."

ഇങ്ങനെ എഴുതിയിരിക്കുന്നതുകൊണ്ടു 'ദേഹി (Soul) മരിക്കും'. മരണത്തിനുശേഷം യാതൊരു സുബോധവും ഇല്ല; അങ്ങനെയല്ലേ ?-എന്നാണ് അവർ സമർത്ഥിക്കുവാൻ ശ്രമിക്കുന്നത്. പക്ഷേ സത്യം അതല്ല. ഈ വേദഭാഗം എഴുതിയിരിക്കുന്ന പശ്ചാത്തലം ശ്രദ്ധിക്കൂ! എഴുത്തുകാരൻ

എന്തു സന്ദേശമാണ് തരുന്നത്? ഒരു പഴഞ്ചൊല്ല് ഉദ്ധരിച്ചുകൊണ്ടു യിസ്രായേൽ ജനത ദൈവത്തിന് വിരോധമായി പിറുപിറുക്കുകയാണ് (രണ്ടാം വാക്യം). പിതാക്കൻമാർ ചെയ്തതിനുപകരം മക്കൾ ശിക്ഷ അനുഭവിക്കേണ്ടിവരുന്നു എന്നാണ് "അപ്പൻമാർ പച്ച മുന്തിരിങ്ങാ തിന്നു മക്കളുടെ പല്ലു പുളിച്ചു" എന്ന പഴഞ്ചൊല്ലിലൂടെ പരാതിപ്പെടുന്നത്. 4-ാം വാക്യത്തിൽ ആ പരാതിക്ക് ദൈവത്തിന്റെ മറുപടി രേഖപ്പെടുത്തുന്നു "പാപം ചെയ്യുന്ന ദേഹി മരിക്കും." **The one who Sins is the one who will die.** സകല ദേഹികളേയും ന്യായം വിധിക്കുന്നതിനുള്ള അധികാരം ദൈവത്തിന്േറതാണെന്നും, ഓരോരുത്തൻ ചെയ്യുന്നതിനനുസരിച്ചാണ് അവർ ശിക്ഷ അനുഭവിക്കേണ്ടിവരുന്നത് എന്നുമാണ് ദൈവം ഈ വാക്യത്തിലൂടെ ഉത്തരം നൽകുന്നത്.

ഈ വേദഭാഗം മരിച്ച മനുഷ്യന്റെ കാര്യത്തെക്കുറിച്ചല്ല പ്രതിപാദിക്കുന്നത് എന്ന് ഇപ്രകാരം മനസ്സിലാക്കുക. **The Context reveals that the Inspired word was not speaking there about the Condition of the dead.**

തിരുവെഴുത്തിൽ ദേഹി (**Soul**) എന്ന വാക്ക് പല വ്യത്യസ്ത രീതിയിലും, അർത്ഥത്തിലും ഉപയോഗിക്കപ്പെട്ടിട്ടുണ്ടു. ചിലപ്പോൾ ഒരു വ്യക്തിയുടെ ജീവിതത്തെ പരാമർശിക്കുന്നതിനും (**a person's Life**) ചിലപ്പോൾ വ്യക്തിയെ തന്നെ (**to the person himself**) സൂചിപ്പിക്കുന്നതിനും (യെഹെസ്കേൽ 18:4-ൽ അപ്രകാരം), മറ്റു ചിലപ്പോൾ മരണത്തിനുശേഷവും നിലനിൽക്കുന്ന മനുഷ്യനിലെ ആന്തരിക മനുഷ്യനെ (**inner part of man**) പ്രതിപാദിക്കുന്നതിനും. ഈ അവസാന ഉപയോഗത്തെ വീക്ഷാഗോപുരക്കാർ അംഗീകരിക്കില്ല. അവർ പഠിപ്പിക്കുന്നത്. മരണത്തോടുകൂടി മനുഷ്യൻ പൂർണ്ണമായി ഇല്ലാതാകുകയാണ്, **man totally ceases to exist at death** എന്നാണ്. ശരീരം മരിക്കുമ്പോൾ പിന്നെ ഒന്നും ശേഷിക്കുന്നില്ല. എന്നാ ഈ ചിന്താഗതി തെറ്റാണ് എന്ന് അനേകം വേദഭാഗങ്ങളിലൂടെ തെളിയിക്കുവാൻ കഴിയും.

ഉദാഹരണത്തിന് അവരോട് ലൂക്കോസ് 12:4-5-വരെയുള്ള വേദഭാഗത്തിലേക്ക് ശ്രദ്ധിക്കുവാനായി ക്ഷണിക്കുക. അവരുടേതു തന്നെയായ പുതിയ ലോക ഭാഷാന്തരത്തിൽ "Do not fear those who kill the body and after this are not able to do anything more. But I will indicate to you whom to fear; Fear him who after killing has authority to throw into Gehenna. Yes, I tell you, fear this one."

(ശേഷം അടുത്ത ലക്കത്തിൽ)

★

# പിൻമാററ ജീവിതത്തിന് ഒരു മുന്നറിയിപ്പ്

[ലൂക്കോസ് 10:30-34]

T. C. രാജൻ തുമരംപാറ

മനുഷ്യചരിത്രം നാം പഠിക്കുമ്പോൾ ഏദൻതോട്ടം മുതൽ ദൈവനിയമം തെററിച്ച് ദൈവത്താൽ വെറുക്കപ്പെട്ട് അനുസരണം കെട്ട മനുഷ്യൻ യാത്രയിലാണ്; ഒരിക്കലും അവസാനിക്കാത്ത യാത്ര, എന്ന് ദൈവനിയമം തെററിച്ചോ അന്നു മുതൽ മനുഷ്യൻ അധപ്പതിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ യേശുക്രിസ്തുവിലെ വിശ്വാസത്താൽ ആ നിയമം മാററിമറിച്ചു. "പാപം എന്ന അപ്പീലില്ലാത്ത വിധിയുടെ മുന്നിൽ നിർദ്ദയം കൈവിടപ്പെട്ട പാപിയാം മനുഷ്യന് രക്ഷപെടുവാൻ യാതൊരു വഴിയും തുറക്കാതിരുന്നപ്പോൾ. പാപം അറിയാത്തവനായി പാപികളോട് വേറിട്ടവനായി ഒരു നിർദ്ദോഷനെ പിതാവാം ദൈവം നസ്രേത്തുകാരനായി

ഈ ഭൂമിയിലേക്ക് അയച്ചു. അവനിൽ വിശ്വസിക്കുന്നവർക്ക് രക്ഷയുണ്ട്; നിത്യജീവനുണ്ട്. അവനിൽ വിശ്വസിച്ചിട്ട് പിൻമാറുന്നവർക്ക് അവൻ ശിക്ഷ നൽകുന്നു (സങ്കീ 50:22). ഇപ്രകാരം ദൈവത്തിൽ നിന്ന് അകന്നുപോയി. പിന്നീട് അവനു സംഭവിച്ച അനുഭവങ്ങളെ കുറിച്ചും ചിന്തിക്കാം.

ലൂക്കൊസ് 10:30-34 വരെയുള്ള വാക്യം വായിക്കുമ്പോഠം അവിടെ ഒരു മനുഷ്യന്റെ യാത്ര കാണുവാൻ കഴിയും. ഇന്ന് ഭൂലോകത്തിലേക്ക് കണ്ണോടിക്കുമ്പോഠം മനുഷ്യർ നിരന്തരം യാത്രയിലാണ്. പലരും പല വിധത്തിൽ പല ആവശ്യങ്ങഠംക്കായുള്ള യാത്ര. മോക്ഷത്തിനായി പണസമ്പാദനത്തിനായി, ഉന്നത പദവികഠംക്കായി അങ്ങനെ മനുഷ്യൻ പല ആവശ്യങ്ങഠംക്കായി നെട്ടോട്ടമോടുകയാണ്. മനുഷ്യൻ മാത്രമല്ല മൃഗങ്ങളും വൃക്ഷലതാതികളും ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ യാത്ര ചെയ്യുന്നു. ഇവിടെ ആധാരമായി എടുത്ത വാക്യത്തിൽ ഒരു മനുഷ്യന്റെ യാത്രയെ പററി പറയുന്നു. ഈ യാത്രയ്ക്ക് വളരെ പ്രത്യേകത വരുവാൻ കാരണം ഇവന്റെ യാത്രയുടെ ആരംഭം യെരുശലേം ആയതുകൊണ്ടാണ്. ഈ സന്ദർഭത്തിൽ പഴയനിയമത്തിൽ ഒരു മനുഷ്യനെ കാണാൻ കഴിയും. അബ്രഹാമിന്റെ സഹോദരപുത്രനായ ലോത്ത്: സമ്പദ്സമൃദ്ധമായ കാനാനിൽ നിന്ന് 'ലോത്ത്' നീരോട്ടമുള്ള പ്രദേശത്തേക്ക് തന്റെ സ്വന്തക്കാരേയും ചാർച്ചക്കാരേയും ഉപേക്ഷിച്ച് യാത്രയായി. അഥവാ അക്കരപ്പച്ച തേടിയുള്ള യാത്ര [ഉൽപ. 13:10-11]. തുടർന്ന് വായിക്കുമ്പോഠം ഈ ലോത്ത് പോയ പട്ടണത്തിനും അവനും വന്നു ഭവിച്ച നികൃഷ്ട അനുഭവങ്ങഠം കാണുവാൻ കഴിയും. സ്വന്ത ഇച്ഛയിൽ പ്രവർത്തിക്കുന്നവർക്ക് അന്നും ഇന്നും ഇത് ഒരു പാഠമാണ്.

യെരുശലേം എന്ന വാക്കിന്റെ അർത്ഥം ''അപ്പത്തിന്റെ ഭവനം''. യെരിഹോ എന്നാൽ ''മ്ലേച്ഛതയുടെ പട്ടണം''. അപ്പത്തിന്റെ ഭവനം എന്ന വാക്കു കൊണ്ടു തന്നെ ഈ പട്ടണത്തിന്റെ സമൃദ്ധി മനസ്സിലാക്കാൻ കഴിയും.

ജോണൊരു നൻമയ്ക്കും കുറവില്ലാതെ ദൈവത്താൽ അനുഗ്ര ഹിക്കപ്പെട്ട പട്ടണം ഇത് തള്ളിക്കളഞ്ഞുകൊണ്ട് സ്വന്ത ഇച്ഛയിൽ ഈ മനുഷ്യൻ യാത്രയാവുകയാണ്. ഈ മനു ഷ്യന്റെ യാത്രയെ നമുക്ക് ശ്രദ്ധിക്കാം. യെരിഹോപട്ടണം ഈ മനുഷ്യന് യോജിച്ചതാണോ ? [നമുക്കും]. എന്ന് പരി ശോധിക്കാം. ഈ പട്ടണത്തിൽ ആരൊക്കെയുണ്ട് എന്ന് നോക്കാം. ചുങ്കക്കാരുള്ള പട്ടണമായിരുന്നു [ലൂക്കോസ് 19:1]. വേശ്യകളം ഉണ്ടായിരുന്നു [യോശുവ 2:1; 15]. ഇവ ളുടെ വീട് കോട്ട മതിലിൽ ആയിരുന്നു. ഇവരെ കുറിച്ച് ശലോമോൻ പറഞ്ഞിരിക്കുന്നത് "ദൈവത്തിന്റെ നിയമം മറന്നുകളഞ്ഞവർ എന്നാണ്" (സദൃശ്യ. 2:17).

ഈ പട്ടണത്തിന്റെ മറ്റൊരു പ്രത്യേകതയാണ് ഇതി ന്റെ ഇരിപ്പ്. മനോഹരമാണ്; പുറമേ നോക്കിയാൽ വളരെ മനോഹരമാണ്. കോട്ടമതിലിനാൽ അടച്ച് ഭദ്രമായി സൂ ക്ഷിച്ചിരിക്കുന്നു. കാവലിന് കോട്ടമതിൽ; ദൈവത്തിന്റെ നിയമം മറന്നു കളഞ്ഞവരും. അത്രമാത്രം മനോഹരമാണ് പുറമേ നോക്കിയാൽ പക്ഷെ അതിന്റെ ഉള്ളിലേക്ക് കടക്കാൻ പറ്റാത്തവിധം അഴുക്ക് നിറഞ്ഞിരിക്കുകയാണ്. കർത്താ വ് ശാസ്ത്രിമാരേയും പരീശൻമാരേയും വിളിച്ചതുപോലെ "വെള്ള തേച്ച ശവക്കല്ലറ" എന്ന പേരിന് സർവ്വഥാ ഈ പട്ട ണം യോഗ്യമാണ്. തിരുവചനം പഠിക്കുമ്പോൾ ഈ പട്ടണ ത്തിലെ വെള്ളം ചീത്തയും ദേശം ഗർഭനാശകരവും ആണ് എന്ന് മനസ്സിലാക്കാം (2 രാജാ. 2:19). അത്ര മാത്രം മ്ലേച്ഛത കൊടി കുത്തിവാഴുന്ന പട്ടണം, ആരെയും ആകർഷിക്കത്തക്ക വിധത്തിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്നു. ഇതുകൊണ്ടും തീർന്നില്ല ഈ പട്ടണത്തിന്റെ സ്വവിശേഷത. യെഹോവയു ടെ ദാസനായ യോശുവയുടെ ശാപം ഏറ്റ പട്ടണമാണ്. യെരിഹോപട്ടണത്തെ പണിയുവാൻ തുനിയുന്ന മനുഷ്യൻ യഹോവയുടെ മുമ്പാകെ "ശപിക്കപ്പെട്ടവൻ", അവൻ അതി ന്റെ അടിസ്ഥാനമിടുമ്പോൾ അവന്റെ മൂത്ത മകൻ നഷ്ട മാകും. അതിന്റെ കതകു തൊടുക്കുമ്പോൾ ഇളയ മകനും

നഷ്ടമാകും [യോശുവ 6:26] എന്ന ശാപം ദൈവനീതിയാണ് അത് നടപ്പാക്കുക തന്നെ ചെയ്തു എന്ന് നമ്മുക്ക് കാണുവാൻ കഴിയും. ആഹാബ് രാജാവിൻെറ കാലത്ത് ബേഥേല്യനായ ഹീയേൽ യെരിഹോ പണിതു യഹോവ നൂൻെറ മകനായ യോശുവ മുഖാന്തിരം അരുളി ചെയ്ത വചനം അന്ന് നിവൃത്തിയായി. അതിൻെറ അടിസ്ഥാനമിട്ടപ്പോൾ അവന് 'അബീറാം' എന്ന മൂത്ത മകൻ നഷ്ടമായി അതിൻെറ പടിവാതിൽ വെച്ചപ്പോൾ ശെഗൂബു എന്ന ഇളയ മകനും നഷ്ടം വന്നു [1 രാജാ 16 34] ഈ ദൈവകോപത്തിൻെറ പട്ടണത്തിലേക്കാണ് നാം മുമ്പു പറഞ്ഞ മനുഷ്യൻെറ യാത്ര. ഇങ്ങനെയുള്ളവരെ കുറിച്ച് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറഞ്ഞിരിക്കുന്നത്. "ചിലപ്പോൾ ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നും. അതിൻെറ അവസാനമോ മരണവഴികൾ അത്രേ" (സദൃശ. 14:12]. പരിശുദ്ധാത്മാവ് പറയുന്നു: നീ മരിച്ചവനാകുന്നു. നീ ഉണരുക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുക [വെളി. 3:4-3].

യെരുശലേമിൽ നിന്ന് യെരിഹോവിലേക്കുള്ള യാത്രയിൽ ഈ മനുഷ്യന് സംഭവിച്ച കാര്യങ്ങൾ നമുക്ക് ചിന്തിക്കാം. തിരുവചനം വായിക്കുമ്പോൾ ഈ മനുഷ്യൻെറ ജീവൻ അപകടത്തിൽ ആകുന്നത് കാണാൻ കഴിയും. യാത്രാമദ്ധ്യേ പതിയിരിക്കുന്ന കള്ളൻമാരുടെ കൈയ്യിൽ അകപ്പെട്ടു. വസ്ത്രം അഴിച്ചെടുത്തു കൈവശം ഉണ്ടായിരുന്ന സകല സമ്പത്തും നഷ്ടമായി. കൂടാതെ അവൻെറ പ്രാണനും ക്ഷതമേററതായി വായിക്കുന്നു [വാക്യം 30]. ഈ മനുഷ്യന് നഷ്ടമായ വസ്ത്രം ആദാമിനും ഹവ്വയ്ക്കും ആദിയിൽ ഏദനിൽ വെച്ച് നഷ്ടമായ അതേ വസ്ത്രം തന്നെയാണ്. തേജസിൻെറ വസ്ത്രം. അഥവാ ദൈവകൃപ. ഈ മനുഷ്യന് എന്നെന്നേക്കും ഓർമ്മിക്കുവാൻ ഒരു അടയാളം [മുറിപ്പാടുകൾ] നൽകിക്കൊണ്ട് കള്ളൻമാർ കടന്നുപോയി. ഈ മുറിപ്പാടുകൾ അന്നും ഇന്നും ഒരുപോലെ പിൻമാററ ജീവിതത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇവിടെ മറ്റൊരാളെ പരിചയപ്പെടാം [ലൂക്കോ. 15:11-24]. മുടിയൻ പുത്രൻ എന്ന ഓമനപ്പേരിനാൽ ലോകപ്രസിദ്ധമായി ഗിന്നസ് ബുക്കിൽ മറുപേരില്ലാതവണ്ണം ഇന്നും നിലകൊള്ളുന്ന ഒരു അനുസരണം കെട്ട മനുഷ്യൻ. സ്വന്ത അപ്പനിൽ നിന്ന് അവകാശം വാങ്ങി സ്വാതന്ത്ര്യജീവിതത്തിനായി സുഖഭോഗങ്ങളും തേടി നാടു വിട്ട മനുഷ്യൻ [ദൈവ സന്നിധിയിൽനിന്ന്] അവൻ ചെന്ന ദേശത്ത് ദുർന്നടപ്പുകാരനായി ജീവിച്ചു [വാക്യം. 15]. ദൈവവചനം പറയുന്നു. "ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിനു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏൽപ്പിച്ചു [റോമർ. 1:28-31]. ഇവൻ ചെന്നെത്തിയ സ്ഥലത്ത് സംഭവിച്ച കഷ്ടങ്ങളും നഷ്ടങ്ങളും എല്ലാം ഏറിവന്നപ്പോൾ അവന് സുബോധം വന്നു. തന്റെ വീടിനെ കുറിച്ച് ഓർത്തു (ലൂക്കോ. 15:17). പ്രിയ സ്നേഹിതാ നിന്റെ വീടിനെ കുറിച്ച് നിനക്ക് ഓർമ്മയുണ്ടോ. നിന്റെ യാത്ര എവിടേയ്ക്കാണ്? അപ്പത്തിന്റെ ഭവനത്തിൽ നിന്ന് നാശത്തിന്റെ പട്ടണമായ യെരിഹോവിലേക്കാണോ? നീ അനുതപിക്കുക, മടങ്ങിവരിക. റോമർ 12:1-2-ൽ പറയുന്നപ്രകാരം മനസ്സു പുതുക്കി രൂപാന്തരപ്പെടുക. മുടിയൻ പുത്രനെപ്പോലെ അപ്പന്റെ ഭവനത്തിലേക്ക് മടങ്ങിവരിക. നീ യെരുശലേമിൽ മടങ്ങിവരുക. പിശാച് ആരെ വിഴുങ്ങേണ്ടു എന്ന് പറഞ്ഞുകൊണ്ട് നിന്റെ പുറകെയുണ്ട്.

"ജീവിതയാത്രക്കാരാ കാലടികൾ എങ്ങോട്ട്........
നാശത്തിൻ പാതയോ ജീവന്റെ....മാർഗ്ഗമോ.
ലക്ഷ്യം നിൻ മുന്നിലെന്ത് ? [ജീവിത]

പ്രാർത്ഥിക്കുക......അനുതപിക്കുക......മടങ്ങിവരുക......

★

# പ്രവാചകൻ

J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ശമുവേൽ ഇസ്രായേലിനു ന്യായപാലനം നടത്തിയിരുന്നു. വയസ്സനായപ്പോഠം തൻെറ പുത്രൻമാരെ ന്യായപാലനം നടത്തുവാനായി അവൻ അടക്കിവച്ചു. എന്നാൽ അവർ കൈക്കൂലി വാങ്ങി ന്യായം മറിച്ചുകളയുക പതിവായിരുന്നു. ഇന്നും പല ന്യായാധിപൻമാരും ഇതു ഏററു നടത്തുന്നുണ്ട്. ജനത്തിനു ന്യായം ലഭിക്കാതെ വന്നപ്പോഠം തങ്ങളെ ഭരിക്കേണ്ടതിനു ഒരു രാജാവിനെ ആവശ്യപ്പെട്ടുകൊണ്ടു ശമുവേലിനെ അവർ സമീപിച്ചു. ശമുവേൽ ആ ആവശ്യത്തിൽ സംതൃപ്തനായില്ല. അവൻ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം അവനോടു അരുളിചെയ്തു. "ജനം നിന്നോടു പറയുന്ന സകലത്തിലും അവരുടെ അപേക്ഷ കേഠക്കുക. അവർ നിന്നെയല്ല, ഞാൻ അവരെ ഭരിക്കാതെ വണ്ണം എന്നെയാകുന്നു ത്യജിച്ചിരിക്കുന്നത്. ഞാൻ അവരെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ച നാഠം മുതൽ ഇന്നുവരെ അവർ എന്നെ ഉപേക്ഷിച്ചും അന്യദൈവങ്ങളെ സേവിച്ചുംകൊണ്ടു എന്നോടു ചെയ്തതുപോലെ നിന്നോടും ചെയ്യുന്നു. ആകയാൽ അവരുടെ അപേക്ഷ കേഠക്കുക. എങ്കിലും അവരോടു ഘനമായി സാക്ഷീകരിച്ചു അവരെ വാഴുവാനിരിക്കുന്ന രാജാവിൻെറ ന്യായം അവരോടു അറിയിക്കേണം (1 ശമു. 8:1-9).

രാജാവിനെ വാഴിച്ചാൽ ജനങ്ങഠക്കു ഉണ്ടാകാവുന്ന കോട്ടങ്ങളെ കുറിച്ചു അവൻ അവർക്കു പറഞ്ഞുകൊടുത്തു. എന്നാൽ അവർ ശമുവേലിൻെറ വാക്കുകളെ സ്വീകരിച്ചില്ല. രാജാവിനെ വാഴിച്ചുകൊടുക്കുവാൻ വീണ്ടും അവർ ആവശ്യപ്പെട്ടു (1 ശമു. 8:10-22). അവരുടെ ആവശ്യപ്രകാരവും

ദൈവം അരുളിച്ചെയ്തതു അനുസരിച്ചും ശമുവേൽ ബെന്യാമീൻ ഗോത്രത്തിൽ അബീയേലിന്റെ മകനായ ശൌലിനെ രാജാവായി തിരഞ്ഞെടുത്തു. അവൻ തൈലപാത്രം എടുത്തു ശൌലിന്റെ തലയിൽ ഒഴിച്ചു അവനെ രാജാവായി അഭിഷേകം ചെയ്തു (1 ശമു. 9:20; 10:1) ശൌൽ ആയിരുന്നു ആദ്യത്തെ ഇസ്രയേൽ രാജാവ്. ശൌൽ ഫെലിസ്ത്യരോടു യുദ്ധം ചെയ്തു ആദ്യം വിജയിച്ചു. പിന്നെ തോറ്റു. യുദ്ധത്തിൽ വിജയിക്കുന്നതിനായി ശൌൽ യഹോവയ്ക്കു ഹോമയാഗവും സമാധാനയാഗവും കഴിപ്പിക്കുന്നതിനു തയ്യാറായി. യാഗത്തിനു നിശ്ചയിച്ചിരുന്ന അവധിക്കു ശമൂവേൽ എത്തിയില്ല. അതിനാൽ ശൌൽ യാഗങ്ങൾ നടത്തി. യാഗങ്ങൾ അവസാനിച്ചപ്പോൾ ശമുവേൽ എത്തി. ശൌൽ ചെയ്തതു ഭോഷത്വമാണെന്നു അറിയിച്ചു. കൂടാതെ ദൈവശിക്ഷയും; അവനു ഇപ്രകാരം പറഞ്ഞുകൊടുത്തു. "നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ച കല്പന നീ പ്രമാണിച്ചില്ല; യഹോവ ഇസ്രായേലിൻമേൽ നിന്റെ രാജത്വം എന്നെന്നേക്കുമായി സ്ഥിരമാക്കുമായിരുന്നു. ഇപ്പോഴോ നിന്റെ രാജത്വം നിലനിൽക്കുകയില്ല; യഹോവ നിന്നോടു കല്പിച്ചതിനെ നീ പ്രമാണിക്കായ്കകൊണ്ടു തനിക്കു ബോധിച്ച ഒരു പുരുഷനെ യഹോവ അന്വേഷിച്ചിട്ടുണ്ട്" (1 ശമു. 13:13, 14).

ഇതിൽ നിന്നും ഒരു വ്യക്തമാണ്. ദൈവം ഓരോരുത്തർക്കും നൽകുന്ന സ്ഥാനത്തിനു യോജിച്ച രീതിയിൽ പ്രവർത്തിക്കുന്നില്ലായെങ്കിൽ അവൻ ദൈവശിക്ഷയ്ക്കു അർഹനാകും. മിസ്രയീമിൽ നിന്നും ഇസ്രായേൽ ജനത്തെ ചെങ്കടൽ കടത്തികൊണ്ടുവന്ന ദൈവത്തിന് ശൌലിനെ കൊണ്ടു ഫെലിസ്ത്യരെ തോൽപിക്കുന്ന കാര്യം എത്ര നിസ്സാരം. വെറും നിസ്സാരനായ ശൌലിനെ രാജസ്ഥാനത്തു അവരോഹിച്ച ദൈവത്തിനെ പൂർണ്ണമായി വിശ്വസിക്കുവാൻ കഴിയാത്തതുകൊണ്ടല്ലേ അവൻ സ്വയം യാഗങ്ങൾ കഴിപ്പിക്കുന്നതിനു തയ്യാറായത്. അതു തെറ്റാണെന്നു ദൈവം ശമുവേലിലൂടെ അവനെ അറിയിച്ചു. ശൌൽ തെറ്റിയപ്പോൾ

എല്ലാം ദൈവം ശമുവേലിലൂടെ അവനെ കുററപ്പെടുത്തി. ആ കാലത്തു ദൈവത്തിൻെറ ഒരു വിശ്വസ്ത പ്രവാചകനായിരുന്നു ശമുവേൽ. അവസാനം ശമുവേൽ വയസ്സായി മരിച്ചു (1 ശമു. 25:1).

ശമുവേൽ പ്രവാചകനുശേഷം ഇസ്രായേലിൽ ഉണ്ടായ പ്രവാചകനാണ് നാഥാൻ. ശൗൽ ദൈവത്തിൽ നിന്നും അകന്നപ്പോൾ ദൈവം അവനിൽ നിന്നും രാജത്വം എടുത്തു കളഞ്ഞു. അതു ലഭിച്ചതു ദാവീദിനായിരുന്നു. ദാവീദും ദൈവത്തിനു എതിരെ തെററു ചെയ്തു. അവൻ എലീയാവിൻെറ മകളും ഹിത്യനായ ഊരിയാവിൻെറ ഭാര്യയുമായ ബത്ത്ശേബയെ മോഹിച്ചു. അവളുമായി ശയിച്ചു. അവൾ ഗർഭിണിയുമായി. ഊരിയാവിനെ പടയുടെ മുൻനിരയിൽ നിർത്തി ദാവീദു കൊല്ലിച്ചു. അവളെ സ്വന്തമാക്കി (2 ശമു. 11:2-27).

ഇതു അവൻ ഊരിയാവോടു ചെയ്തതുകൊണ്ടു ദൈവനീതിയെ അവൻ ലംഘിച്ചു. ദൈവമുമ്പിൽ മനുഷ്യരെല്ലാം ഒരുപോലെയാണ്. ദൈവനീതിക്കു മുമ്പാകെ രാജാവും പ്രജയും തമ്മിൽ വ്യത്യാസമില്ല. രാജാവു ചെയ്ത പ്രവൃത്തി തെററാണെന്നു ബോധ്യപ്പെടുത്തുവാൻ ദാവീദിൻെറ മുമ്പാകെ എഴുന്നേൽപ്പിക്കപ്പെട്ട ഒരു പ്രവാചകനാണ് നാഥാൻ. അവൻ തെററ് ചൂണ്ടി കാണിച്ചുകൊടുത്തപ്പോൾ ദാവീദ് പശ്ചാത്തപിച്ചു. ദൈവം അവനോടു കരുണ കാണിച്ചു. അതിനാൽ രാജത്വം അവനിൽ നിലനിന്നു. എന്നാൽ ബത്ത്ശേബയിൽ അവനു ജനിക്കുന്ന കുഞ്ഞു മരിച്ചുപോകുമെന്ന ദൈവകൽപന അവൻ ദാവീദിനെ അറിയിച്ചു. അതു സംഭവിക്കുകയും ചെയ്തു (2 ശമു. 12:14, 19).

ഹഗ്ഗീത്തിൽ ദാവീദു രാജാവിനു ജനിച്ച അദോനിയാവു രാജാവാകുമെന്നു നിഗളിച്ചു നടന്നു. ദാവീദ് അവനെ ശാസിച്ചതുമില്ല. ബത്ത്ശേബയിൽ ദാവീദിനു ജനിച്ച ശലോമോനെ രാജാവാക്കാമെന്ന് യഹോവയുടെ നാമത്തിൽ ദാവീദ്

ബത്ത്ശേബയോടു സത്യം ചെയ്തിരുന്നു. ആ സത്യത്തിന്നെതിരെ കാര്യങ്ങൾ നീങ്ങുന്നുവെന്നു കണ്ടപ്പോൾ, നാഥാൻ ഇടപെട്ടു. അവൻ ആദ്യമായി ബത്ത്ശേബയെ കണ്ടു. ശലോമോൻ അനന്തിരവനായിവാണു എന്റെ സിംഹാസനത്തിൽ ഇരിക്കും എന്നു അടിയനോടു സത്യം ചെയ്തില്ലയോ? പിന്നെ അദോനിയാവു വാഴുന്നതു എന്തു എന്നു ചോദിക്കുക്കുവാനായി അവളെ ഉപദേശിച്ചു. അവൾ അതു ചോദിക്കുവാൻ ദാവീദിന്റെ അടുക്കലേയ്ക്കുപോയപ്പോൾ നാഥാൻ അവൾക്കു പിന്നാലെ അവിടെ എത്തി. ശലോമോൻ വാഴേണ്ടുന്ന സ്ഥാനത്തു അദോനിയാവു വാഴുന്നുവെന്നു അറിയിച്ചു (1 രാജാ. 1:11-35). ഇതറിഞ്ഞ രാജാവ് ശലോമോനെ തന്റെ അനന്തിരവനായി സിംഹാസനത്തിൽ വാഴേണ്ടുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യിപ്പിക്കുവാൻ നാഥാനോടു കൽപിച്ചു. നാഥാൻ ആ കൽപന ശിരസ്സാവഹിച്ചു. ശലോമോൻ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ടു ഇസ്രായേലിനെ ഭരിച്ചു ലോകമെങ്ങും പ്രശസ്തനായി.

കാലത്തിന്റെ തികവിൽ ഇസ്രായേൽ രാജാവായി ആഹാബ് അവരോധിക്കപ്പെട്ടു. അവൻ തന്റെ ദുഷ്പ്രവർത്തികൾക്കായി ദൈവത്തിനു അനിഷ്ടനായി തീർന്നു. ഭാര്യയായ ഇസബെല്ലയാണു രാജാവിനെ ദുഷ്പ്രവർത്തികൾക്കായി പ്രേരിപ്പിച്ചത്. ദൈവം രാജാവിനെയും ജനത്തെയും ശിക്ഷിപ്പിക്കുവാൻ തീരുമാനിച്ചു. ഇതു അറിയിക്കുവാനായി യഹോവ ഏലിയാവിനെ നിയോഗിച്ചു. അവൻ ആഹാബിനോടു പറഞ്ഞു; ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണെ, ഞാൻ പറഞ്ഞല്ലാതെ ഈ യാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല. അതു സംഭവിച്ചു. എന്നാൽ ഏലിയാവിനു ഒരു കുറവും ദൈവം വരുത്തിയതുമില്ല (1 രാജാ. 16:33; 17:1-24).

(ശേഷം അടുത്ത ലക്കത്തിൽ)

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഈ വിധത്തിൽ വിടുവിപ്പാൻ കഴിയുന്ന മറെറാരു ദൈവവും ഇല്ലായ്കകൊണ്ട് ഏതു ജാതിക്കാരിലും വംശക്കാരിലും ഭാഷക്കാരിലും ആരെങ്കിലും ശദ്രക്കിന്റെയും, മേശക്കിന്റെയും അബേദ്നെഗോവിന്റെയും ദൈവത്തിനു വിരോധമായി വല്ല തെററും പറഞ്ഞാൽ അവനെ കഷണം കഷണമായി ശകലീക്കയും അവന്റെ വീട് കുപ്പക്കുന്നാക്കുകയും ചെയ്യുമെന്നു ഞാൻ ഒരു വിധി കല്പിക്കുന്നു''

(ദാനി. 3:28, 29).

ക്രിസ്തുവിന്റെ സഭകളിലെ അംഗങ്ങളും ക്രിസ്തുവിന്റെ സഭകളിലേക്ക് ദിനംപ്രതി ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നവരും 'അത്യുന്നതനായ ദൈവത്തിന്റെ പുത്രൻമാരിണ്. ഈ സത്യം നമുക്ക് ലോകത്തിനു വെളിപ്പെടുത്താ കാണിക്കാൻ കഴിയുമോ ? യിസ്രായേൽ പുരുഷൻമാരുടെ തീവ്രമായ വിശ്വാസവും ത്യാഗോജ്ജ്വലമായ ജീവിതവും സ്നേഹനിർഭരമായ സഹിഷ്ണുതയും നമുക്കും മാതൃകയായി തീരുമോ ? എങ്കിൽ അവരെപ്പോലെ നമുക്കും അനേകായിരങ്ങളെ കർത്താവിനായി നേടുവാൻ സാധിക്കും. ഇന്നനേകരും വാടിപ്പഴുത്ത ക്രിസ്ത്യാനികളാണ്. അവരെകൊണ്ട് കർത്താവിനും, മററാർക്കും 'ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. അവർ മൂലം പിന്നെയും കർത്താവിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള ക്രിസ്ത്യാനികൾ അനേകരുടെ രക്ഷയ്ക്ക് ഇന്ന് തടങ്കൽ പാറയാണ്. അവർ കള്ള യെഹൂദരെന്നതുപോലെ കള്ള ക്രിസ്ത്യാനികളാണ്.

ബാബേൽ സംസ്ഥാനത്തെ സർവ്വജനവും ജീവനുള്ള ദൈവത്തിന്റെ മാഹാത്മ്യം കണ്ടറിഞ്ഞതുപോലെ നമ്മുടെ ചുററുപാടുകളിൽ നിന്നും അനേകർ നാം മുഖാന്തരം ജീവനുള്ള ദൈവത്തെ കണ്ടെത്താൻ അവർക്ക് കഴിയട്ടെ. നമ്മുടെ ഓരോരുത്തരുടെയും ആത്മീയ ജീവിതം അവരുടെ മുമ്പിൽ ഒരു വഴിവിളക്കായിട്ട് പ്രഭാപൂരിതമായി ഉയർന്നുനിൽക്കട്ടെ !

"സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും. ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെ നിന്നു പോകയില്ല. എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽ നിന്നു, സ്വർഗ്ഗത്തിൽ നിന്നു തന്നെ, ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും" (വെളി. 3:10-12).

ക്രിസ്തീയ ജീവിതത്തിൽ വിജയികളാകുന്നവർക്ക് മററുള്ള സഭകൾക്ക് എന്നതുപോലെ തന്നെ ഫിലദെൽഫ്യ സഭയ്ക്കും കർത്താവ് പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു.

അത്യുൽസാഹത്തോടും, സത്യസന്ധതയോടും നാം കർത്താവിന്റെ വേലയ്ക്കായി തയ്യാറാകുമ്പോൾ നമുക്ക് എതിരെ ഒവറുതെ ശത്രുക്കളായി അനേകരും എഴുന്നേൽക്കും. അവർ അനേക വിധത്തിലുള്ള ആക്ഷേപങ്ങളും പരിഹാസങ്ങളും, അപവാദങ്ങളും ഉപദ്രവങ്ങളും ധാരാളം നടത്തികൊണ്ടിരിക്കും. അങ്ങനെയുള്ള സാഹചര്യത്തിൽ അവയെല്ലാം നേരിടാൻ ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ട ആയു

ധമാണ് സഹിഷ്ണുത. "അടിമയാക്കികൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാഠം കൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവും കൊണ്ടു ആവശ്യം" (വെളി. 13:10). "ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം" (എബ്രാ 10:36). "ദൈവകൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധൻമാരുടെ സഹിഷ്ണുത കൊണ്ട് ഇവിടെ ആവശ്യം" (വെളി. 14:12).

ഓരോ ക്രിസ്ത്യാനിയും കർത്താവ് വിളിച്ചാക്കിയിരിക്കുന്ന പ്രദേശത്തും, ക്രിസ്തുവിൻെറ സഭയിലും, അവൻ ഭരമേൽപിച്ചിരിക്കുന്ന ചുമതലകളിൽ അന്ത്യത്തോളം വിശ്വസ്തതയുള്ളവനായും സകലതും സഹിക്കാനുള്ള സഹിഷ്ണുതയോടും അവരവരുടെ കർത്തവ്യങ്ങൾ നിർവഹിക്കപ്പെടേണ്ടതാകുന്നു. സഭയ്ക്കു അകത്തും പുറത്തും നിന്നുള്ള സാത്താനു എതിർപ്പുകൾ നേരിടുമ്പോൾ ഓടി ഒളിക്കാൻ ശ്രമിക്കുന്നതല്ല വിശ്വാസജീവിതം.

ഞാൻ എൻെറ ക്രിസ്തീയജീവിതം ഇരുപത്തിയഞ്ചു വർഷം പൂർത്തീകരിക്കപ്പെട്ടിരിയ്ക്കയാണ്. ഇൻഡ്യയിലെ ഒട്ടുമുക്കാലും സംസ്ഥാനങ്ങളിൽ ഞാനും എൻെറ ഭാര്യ സൂസനും സഞ്ചരിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള ഭാഷകൾ സംസാരിക്കുകയും സുവിശേഷം അവരോട് അറിയിക്കയും ചെയ്തിട്ടുണ്ട്. കേരളത്തിലും ഞങ്ങൾ അധികം സ്ഥലങ്ങളിൽ സുവിശേഷവേലയിൽ ആയിരുന്നിട്ടുണ്ട്. എന്നാൽ 1979-ൽ കേരളത്തിൻെറ വടക്കേ അററമാകുന്ന മലബാർ പ്രദേശം ഞങ്ങൾക്ക് സുവിശേഷത്തിനായി കർത്താവ് ഒരു വാതിൽ തുറന്നു തന്നു. ഈ കാലങ്ങളിലായി ഞങ്ങൾക്ക് ഈ പ്രദേശങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ജീവിതാനുഭവങ്ങൾ തികച്ചും വിസ്മരിക്കാവുന്നതല്ല. വിശ്വാസികളിൽ നിന്നും ജാതികളിൽ നിന്നും പല തരത്തിലുള്ള മൂർച്ചയേറിയ അപവാദങ്ങൾ ഞങ്ങൾക്ക് മതിയാവോളം ലഭിച്ചിട്ടുണ്ട്. ലഭിച്ചു

കൊണ്ട് ഇരിക്കയും ചെയ്യുന്നു. സകലത്തും സഹിഷ്ണുതയോടെ ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കയാണ്. എന്റെ ശരീരത്തിന്റെ തൊക്ക് കാണ്ടാമൃഗത്തെക്കാൾ കട്ടിയുള്ളതാകയാൽ ഞാൻ എല്ലാം കേട്ടിട്ട് തളരാതെയും പതറാതെയും സഹിഷ്ണുതയോടെ കർത്താവിന്റെ ശുശ്രൂഷയിൽ മുന്നോട്ടു പോകുന്നു. കർത്താവ് എന്നെ ഭരമേൽപ്പിച്ചിരിക്കുന്ന ഉപനിധി അവസാനത്തോളം കാത്തുസൂക്ഷിക്കാമെന്നുള്ള പ്രത്യാശയിൽ, കർത്താവിന്റെ കൃപയാൽ ഞങ്ങൾ ജീവിക്കുന്നു. "എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും. നിങ്ങളുടെ തലയിലെ ഒരു രോമം പോലും നശിച്ചുപോകയില്ലതാനും. നിങ്ങൾ ക്ഷമ കൊണ്ടു നിങ്ങളുടെ പ്രാണനെ നേടും" (ലൂക്കൊ. 21:17-19). "നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും; നാം തള്ളിപ്പറയും എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും" (2 തിമൊ. 2:11, 12).

കർത്താവിന്റെ സുവിശേഷം അറിയിക്കുന്നതിനാലും അവന്റെ ഉപദേശത്തിൽ നില നിൽക്കുന്നതിനാലും ജീവിക്കുന്നതു മൂലവും നമുക്ക് നേരിടുന്ന സകല കഷ്ടങ്ങളിൽ നിന്നും പരീക്ഷകളിൽ നിന്നും കർത്താവു തന്നെ സ്നേഹിക്കുന്നവരെയും അനുസരിക്കുന്നവരെയും ഒന്നും സംഭവിക്കാതെ കാത്തുകൊള്ളും "ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല, ഒരു ബാധയും നിന്റെ കൂടാരത്തിന്ന് അടുക്കയില്ല നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്ന് അവൻ നിന്നെക്കുറിച്ചു തന്റെ ദൂതൻമാരോടു കൽപിക്കും. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന്ന് അവൻ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും. സിംഹത്തിൻമേലും അണലിമേലും നീ ചവിട്ടും; ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിച്ചുകളയും, അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P M.
Thursdays — 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth— Speaker: Robert
Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To